859/12

# കേരള സർക്കാർ

## സംഗ്രഹം

പിന്നാക്ക സമുദായ വികസന വകുപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതി - ഹയർ സെക്കന്ററി വിഭാഗത്തിൽ പഠിക്കുന്ന മറ്റു പിന്നാക്ക സമുദായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) 1179/2012/പി.സ.വി.വ. തിരുവനന്തപുരം,തീയതി: 04/09/2012.

---

പരാമർശം - 1. സ.ഉ (സാധാ) 510/2012/പജപവവിവ തീയതി 21/03/2012.
2. 11/08/2011 ലെ കേന്ദ്ര സർക്കാരിന്റെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 11014/21/2006- ബിസി-1 നമ്പർ കത്ത്.
3. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 09/05/2012 ലെ ബി.സി.ഡി.ഡി/ എ 3/07/12 നമ്പർ കത്ത്.

## ഉത്തരവ്

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം (100%), 2012-13 സാമ്പത്തിക വർഷത്തെ ഒ.ബി.സി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പരാമർശം രണ്ടിലെ കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-13 സാമ്പത്തിക വർഷത്തെ ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് താഴെപ്പറയുന്ന നിബന്ധനങ്ങൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. ഹയർ സെക്കന്ററി വിഭാഗത്തിൽ പഠിക്കുന്ന പിന്നാക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് നിശ്ചിത നിബന്ധനകൾക്ക് വിധേയമായി മുൻവർഷങ്ങളിൽ നൽകിയിരുന്നതുപോലെ ഈ വർഷവും സ്കോളർഷിപ്പ് തുക വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ തുക 2012-13-സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ '2225-03-277-96' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ചെലവു ചെയ്യാവുന്നതാണ്.

2. കേന്ദ്ര സർക്കാരിന്റെ 11/08/2011 ലെ 11014/21/06 ബിസി-1 നമ്പർ കത്തിലെ നിബന്ധനകൾ/വ്യവസ്ഥകൾ സ്കോളർഷിപ്പ് വിതരണത്തിന് പൂർണ്ണമായും പാലിക്കേണ്ടതാണ്.

പോസ്റ്റ്മെട്രിക് - സ്കോളർഷിപ്പ് വിതരണത്തിന് ആവശ്യമായ തുടർനടപടികളും ,100% കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ 2012-13 ൽ ഈ ഇനത്തിൽ ആവശ്യം വേണ്ട തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനും വേണ്ട നടപടിയും പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**നെജിമുദ്ദീൻ.റ്റി.എസ്**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ ) കേരളം, തിരുവനന്തപുരം.
സബ്ട്രഷറി ഓഫീസർ,സബ്ട്രഷറി ഓഫീസ്, വെള്ളയമ്പലം.
കരുതൽഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ